26 (*86) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അറ്റകുറ്റപ്പണി

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് വേണ്ട അറ്റകുറ്റപ്പണികൾ കൃത്യമായി നടത്തുന്നതിന് സംവിധാനം ഉണ്ടോ;

(ബി) എങ്കിൽ ഇത് കൃത്യമായി നടക്കുന്നുവെന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ; പ്രസ്തുത സംവിധാനം പ്രവർത്തിക്കുന്നുണ്ടോ;

(സി) അടുത്തകാലത്ത് ധാരാളം ബസ്സുകൾ കേടായി പാതവക്കിൽ കിടക്കുന്നുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) സർവ്വീസ് കഴിഞ്ഞുവരുന്ന ബസ്സുകൾ അടുത്ത ദിവസം സർവ്വീസ് ആരംഭിക്കുന്നതിന് മുമ്പ് പരിശോധന നടത്താനും കഴുകി വൃത്തിയാക്കുന്നതിനുമുള്ള ഏർപ്പാട് കർശനമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ.എ. നീലലോഹിതദാസൻ നാടാർ):

(എ) സംവിധാനമുണ്ട്. ചെറിയ പണികൾ അതാത് ഡിപ്പോകളിലും വലിയ പണികൾ റീജിയണൽ വർക്ക് ഷോപ്പുകളിലുമായാണ് നടത്തുന്നത്. ഇതിനായി വർക്ക്ഷോപ്പുകളിൽ വിവിധ പണികൾ ചെയ്യുന്നതിന് പരിശീലനം സിദ്ധിച്ച പല വിഭാഗത്തിലുള്ള മെക്കാനിക്കൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. മാത്രമല്ല കെ.എസ്.ആർ.ടി.സി. യുടെ വർക്ക്ഷോപ്പുകളിൽ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനുള്ള ആധുനിക സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഓരോ ഡിപ്പോയിലേയും സബ് ഡിപ്പോയിലേയും വർക്ക് ഷോപ്പുകളുടെ മേൽനോട്ടം വഹിക്കുന്നത് ഡിപ്പോ എഞ്ചിനീയർ, അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ എന്നിങ്ങനെയുള്ളവരാണ്. ഇവർ വർക്ക്ഷോപ്പുകളുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കും. ഇതിനുപുറമേ 8 മുതൽ 10 വരെ ഡിപ്പോകൾ ഓരോ മേഖലയാക്കി തിരിച്ച് ഓരോ അസിസ്റ്റന്റ് വർക്സ് മാനേജർമാർ മേൽനോട്ടം വഹിക്കുന്നു.

(സി) സ്പെയർ പാർട്ടുകളുടെ അഭാവത്തിൽ മെയിന്റനൻസ് ക്വാളിറ്റിക്ക് കുറവ് നേരിട്ടിരുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ മാസങ്ങളിൽ ബ്രേക്ക് ഡൗൺ കുറവാണ്. ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തെ കണക്കു പരിശോധിച്ചതിൽ പതിനായിരം കിലോമീറ്ററിന് 0.79 ബസ് മാത്രമേ ബ്രേക്ക്ഡൗൺ ആയിട്ടുള്ളൂ. കഴിവതും ഒറിജിനൽ സ്പെയർപാർട്ടുകൾ തന്നെ ലഭ്യമാക്കി ബ്രേക്ക്ഡൗൺ കുറയ്ക്കുവാനുള്ള ശ്രമത്തിലാണ്.

(ഡി) സർവ്വീസ് കഴിഞ്ഞുവരുന്ന ബസ്സുകൾ അടുത്ത സർവ്വീസിനു മുമ്പ് ഡ്രൈവർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ തീർത്താണ് അടുത്ത സർവ്വീസിന് കൊടുക്കുന്നത്. ബസ്സുകൾ കഴുകി വൃത്തിയാക്കുന്നതിന് യന്ത്രസംവിധാനം ഉപയോഗപ്പെടുത്താൻ തീരുമാനമായി. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒന്നരലക്ഷത്തോളം രൂപ ചെലവിൽ ഒരു വെഹിക്കിൾ വാഷിംഗ് മെഷീൻ സ്ഥാപിച്ചു. മറ്റു മേജർ യൂണിറ്റുകളിലും സാമ്പത്തിക ലഭ്യതയ്ക്കനുസരണമായി ഇതു സ്ഥാപിക്കുന്നതാണ്. ഇപ്പോൾ എല്ലാ യൂണിറ്റുകളിലും ഒരു ബസ്സിന് 5 രൂപ ക്രമത്തിൽ പുറത്തു നിന്നും ആളെ നിയമിച്ച് ബസ്സുകൾ വൃത്തിയാക്കി വരുന്നു. സൂപ്പർ ക്ലാസ് ബസ്സുകൾ കഴുകി വൃത്തിയാക്കി മാത്രമേ സർവ്വീസിന് ഉപയോഗിക്കാവൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

27 (*87) വനവൽക്കരണം

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനത്തിനുള്ളിൽ വനവൽക്കരണം നടത്തുന്നതിനുള്ള പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വനത്തിനുള്ളിൽ വനവൽക്കരണം സാദ്ധ്യമാക്കുന്ന ഈ പരിപാടിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ പരിപാടിക്ക് ലോകബാങ്ക് സഹായം ലഭ്യമായിട്ടുണ്ടോ;

(ഡി) എങ്കിൽ അത് ഏത് അളവുവരെയാണെന്നും പദ്ധതിയുടെ പുരോഗതി എന്താണെന്നും വിശദമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്.

(ബി) വനത്തിനുള്ളിൽ വനവൽക്കരണം നടത്തുന്നതിന് മൂന്ന് പദ്ധതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

1. കേരള ഫോറസ്ട്രറി പ്രോജക്ട്.

സമഗ്രമായ വനവികസനവും വനപരിപാലനവും ഉദ്ദേശിച്ചുകൊണ്ട് ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി 1998-99 മുതൽ നാല് വർഷം കൊണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഇത്. ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 182.39 കോടി രൂപയാണ്. ഇതിന്റെ ഭാഗമായി 23000 ഹെക്ടർ പ്രക്ഷീണ വനങ്ങളെ ഓജസുള്ള സ്വാഭാവിക നിബിഡ വനങ്ങളാക്കുക 9000 ഹെക്ടർ പ്രക്ഷീണ വനങ്ങളെ നിബിഡ വനങ്ങളാക്കുക, 4700 ഹെക്ടർ പ്രദേശത്ത് മുള, ചൂരൽ, ഈറ്റ എന്നിവ വളർത്തുക, 1800 ഹെക്ടറിൽ തേക്ക് തോട്ടങ്ങളും 3700 ഹെക്ടറിൽ പൾപ്പ് വുഡ് തോട്ടങ്ങളും വളർത്തുക മുതലായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

2. പരിഹാര ബദൽ വനവൽക്കരണം.

28583 ഹെക്ടർ കൈയേറ്റ വനഭൂമിക്ക് പട്ടയം നൽകുന്നതിന്റെ മുന്നോടിയായി 57180 ഹെക്ടർ പ്രക്ഷീണ വനത്തിൽ നടത്തുന്ന വനവൽക്കരണമാണ്. ഇത്. 1994-95-ൽ തുടങ്ങിയ ഈ പദ്ധതിയിൽ ഇതേവരെ 34540 ഹെക്ടറിൽ

LIBRARY ARCHIVES Kerala Legislative Assembly